**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1400** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്നതിന് പദ്ധതിയിട്ട സാംസ്കാരിക കേന്ദ്രങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത 14 ജില്ലകളിലെയും സാംസ്കാരിക കേന്ദ്രങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 1) തിരുവനന്തപുരം - മഹാത്മാ അയ്യങ്കാളി സാംസ്കാരിക സമുച്ചയം

2) കൊല്ലം - ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം

3) ആലപ്പുഴ - പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം

4) പത്തനംതിട്ട - ചട്ടമ്പി സ്വാമികൾ സാംസ്കാരിക സമുച്ചയം

5) കോട്ടയം - ലളിതാംബിക അന്തർജ്ജനം സാംസ്കാരിക സമുച്ചയം

6) ഇടുക്കി - അക്കാമ്മ ചെറിയാൻ സാംസ്കാരിക സമുച്ചയം

7) എറണാകുളം - സഹോദരൻ അയ്യപ്പൻ സാംസ്കാരിക സമുച്ചയം

8) തൃശ്ശൂർ - വള്ളത്തോൾ നാരായണ മേനോൻ സാംസ്കാരിക സമുച്ചയം

9) പാലക്കാട് - വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം

10) മലപ്പുറം - അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം

11) കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം

12) വയനാട് - എടച്ചേന കുങ്കൻ സാംസ്കാരിക സമുച്ചയം

13) കണ്ണൂർ - വാഗ്ഭടാനന്ദൻ സാംസ്കാരിക സമുച്ചയം

14) കാസർഗോഡ് - സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം

**(ബി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എത്ര സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത സാംസ്കാരിക കേന്ദ്രങ്ങൾ വഴി എന്ത് സാംസ്കാരിക പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്; നിലവിൽ നിർമ്മാണം പൂർത്തിയായ സാംസ്കാരിക കേന്ദ്രങ്ങളിൽ എന്ത് സാംസ്കാരിക പദ്ധതികളാണ് നടന്നുവരുന്നത്; വിശദമാക്കുമോ;

**മറുപടി:** നമ്മുടെ നാടിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുക, കേരള ത്തിന്റെ കലാ പൈതൃകത്തിനെ സംരക്ഷിച്ച് വരും തലമുറയ്ക്ക് പകർന്നു നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ കിഫ്ബിയുടെ ധനസഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിച്ചിരുന്നത്. നൃത്ത സംഗീത നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചിത്രപ്രദർശന ശാലകൾ, ബ്ലാക്ക് ബോക്സ് തിയേറ്റർ, ചമയ മുറികൾ, ഗ്രന്ഥശാല, വീഡിയോ ഹാൾ, സെമിനാർ ഹാൾ, കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിശാലകൾ, ഓപ്പൺ എയർ തീയറ്റർ, ഭരണ നിർവ്വഹണ കാര്യാലയം, കഫറ്റേരിയ തുടങ്ങിയ വിപുലമായ സൗകര്യങ്ങൾ ഓരോ സമുച്ചയത്തിലും നിർമ്മിക്കുന്നതിനും കൂടാതെ ക്ലാസ്സിക്കൽ സമകാലീന ഫോക് ലോർ കലാരൂപങ്ങളുടെ അവതരണത്തിനും ആസ്വാദന ത്തിനും അവസരമൊരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. നിലവിൽ നിർമ്മാണം പൂർത്തിയായി വകുപ്പിന് കൈമാറി ലഭിച്ച കൊല്ലം ശ്രീ നാരായണഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം എന്നീ സമുച്ചയങ്ങളിൽ പദ്ധതി ലക്ഷ്യമിട്ടിരുന്ന ബ്ലാക്ക് ബോക്സ് തിയേറ്റർ, ആഡിറ്റോറിയം, ചമയ മുറികൾ, വീഡിയോ ഹാൾ, സെമിനാർ ഹാൾ തുടങ്ങിയ വിവിധ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

നിലവിൽ കൊല്ലം ശ്രീ നാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ വിവിധ സൗകര്യങ്ങൾ സർക്കാർ നിശ്ചയിച്ച വാടകയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുവദിച്ചു വരുന്നു. കൂടാതെ അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ എന്ന പേരിൽ എല്ലാ വർഷവും കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ വെച്ച് സംഗീത പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം 2026 ഒക്ടോബർ 7 മുതൽ 11 വരെ ആദ്യ "അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ" കൊല്ലം സമുച്ചയത്തിൽ വെച്ച് സംഘടിപ്പിച്ചു.

**(ഡി)** കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ സാംസ്കാരിക കേന്ദ്രനിർമ്മാണം വൈകുന്നതിന് കാരണം വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

**മറുപടി:** 05.02.2026 ലെ സ.ഉ.(സാധാ)നം 101/2026/CLAD ഉത്തരവ് പ്രകാരം കോട്ടയത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ലളിതാംബിക അന്തർജ്ജനം സാംസ്കാരിക സമുച്ചയ പദ്ധതിയുടെ ആകെ അടങ്കൽ തുക 25 കോടി രൂപയിൽ പരിമിതപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. തുടർന്ന് വാസ്തുവിദ്യാഗുരുകുലം തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ 25 കോടി രൂപയിൽ നിജപ്പെടുത്തിക്കൊണ്ടുള്ള ഡി.പി.ആർ. കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലഭ്യമാക്കുകയും ആയത് KIIFB-യ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്. DPR അംഗീകരിക്കുന്ന മുറയ്ക്ക് സമുച്ചയ നിർമ്മാണം സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**